# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 66 28.06.2016-ൽ മറുപടിയ്ക്ക്

## നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലയും പോലീസ് സ്റ്റേഷനും തിരിച്ചുള്ള കണക്ക് നൽകാമോ; എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇനി എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്; | (എ) 1287 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കും, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം എന്നിവ **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു. ജില്ല, പോലീസ് സ്റ്റേഷൻ എന്നിവ തരംതിരിച്ചുള്ള കണക്കുകൾ **അനുബന്ധം-2** ആയി ചേർത്തിരിക്കുന്നു. |
| (ബി) സെക്ഷൻ 153(A) പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ സെക്ഷൻ അനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; തെരഞ്ഞെടുപ്പ കാലത്ത് വർഗ്ഗീയ സംഘർഷം ഉളവാക്കുന്നതിനെതിരെ ഉപയോഗിക്കുന്ന സെക്ഷൻ പ്രകാരം കേസ്സെടുക്കേണ്ടിവന്ന സാഹചര്യം വ്യക്തമാക്കാമോ? | (ബി) സെക്ഷൻ 153(A) പ്രകാരം 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (കൊല്ലം ജില്ല - 3, കാസർഗോഡ് ജില്ല – 3). കൊല്ലം ജില്ലയിൽ ശൂരനാട്, കൊല്ലം വെസ്റ്റ്, ഇരവിപുരം എന്നീ പോലീസ് സ്റ്റേഷനുകളിലായി ഓരോ കേസ് വീതവും, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ 3 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഇലക്ഷനോടനുബന്ധിച്ച് ഉണ്ടായ രാഷ്ട്രീയ സംഘർഷങ്ങളിൽ ഉൾപ്പെട്ടവർ വർഗ്ഗീയ മനോഭാവത്തോട് കൂടി ചേരി തിരിഞ്ഞ് ആക്രമണം നടത്തിയതിനാലാണ് സെക്ഷൻ 153(A) പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**